(ബി) എങ്കിൽ എന്തെല്ലാം തരത്തിലുള്ള കീടനാശിനികളാണ് വിതരണം ചെയ്യുന്നതെന്നും ഇതിന് കർഷകരിൽനിന്നും എന്ത് വില ഈടാക്കുന്നുണ്ടെന്നും വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റ് നൽകുമോ ?

ഉത്തരം

(എ&ബി) കൃഷിവകുപ്പ് നേരിട്ട് വിതരണം ചെയ്യുന്നില്ല. കൃഷി വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ പ്രകാരം കീടനാശിനികൾ ഉൾപ്പെടെയുള്ള ഉല്പാദനോപാധികൾ തദ്ദേശസഹകരണസംഘങ്ങൾ, കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, റെയിഡ്കോ, മാർക്കറ്റിംഗ് ഫെഡറേഷൻ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും പെർമിറ്റ് മുഖാന്തിരം കർഷകർക്ക് ലഭ്യമാകുന്നു. ഇങ്ങനെ വിതരണം ചെയ്യുന്നവയുടെ ഗുണനിലവാരം കൃഷി വകുപ്പുദ്യോഗസ്ഥർ ഉറപ്പുവരുത്തുന്നു.

രാസവളങ്ങൾക്കും കീടനാശിനികൾക്കും എതിരായ ബോധവൽക്കരണം

63 (2511) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ കൃഷി ഭൂമിയുടെ ആകെ വിസ്തൃതി എത്രയാണ് ;

(ബി) പ്രതിവർഷം എത്ര മെട്രിക് ടൺ രാസവളങ്ങളും കീടനാശിനികളും ഇവിടെ ഉപയോഗിക്കപ്പെടുന്നുണ്ട് ;

(സി) പ്രതിവർഷം എത്ര മെട്രിക് ടൺ ജൈവ വളങ്ങളും ജൈവ കീടനാശിനികളും ഉപയോഗിക്കപ്പെടുന്നുണ്ട് ;

(ഡി) രാസവളങ്ങൾക്കും കീടനാശിനികൾക്കും എതിരായ ബോധവൽക്കരണം ശക്തിപ്പെടുത്തുന്നതിനും ജൈവ വളപ്രയോഗവും ജൈവ കീടനാശിനിയുടെ ഉപയോഗവും വളർത്തിക്കൊണ്ടു വരുന്നതിനുംകൃഷി വകുപ്പു എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ എന്നറിയിക്കുമോ ;

(ഇ) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) 30.22 ലക്ഷം ഹെക്ടർ

(ബി) രാസവളം ഏകദേശം 426996.868 എം. റ്റി.-യും രാസകീടനാശിനി ഉദ്ദേശം 1279 എം. റ്റി.-യും ഉപയോഗിക്കുന്നതായാണ് ലഭ്യമായ കണക്കുകൾ കാണിക്കുന്നത്.

(സി) ജൈവകീടനാശിനി ഉദ്ദേശം 11.99 എം. റ്റി. ജൈവവളങ്ങളുടെ കൃത്യമായ വിവരം ലഭ്യമല്ല.

(ഡി&ഇ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly